ഉത്തരം

(എ) 4 വർഷം.

(ബി) 1984.85 സാമ്പത്തിക വർഷാവസാനത്തിൽ.

(സി) ഗ്രൂപ്പിംഗ് നടത്തുന്നതിന് ആധാരമായ പഞ്ചായത്തുകളുടെ വരുമാനപരിധിയെ സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും ജീവനക്കാരുടെ സംഘടനകളിൽ നിന്നും ആക്ഷേപങ്ങൾ പഞ്ചായത്ത് ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്. പ്രസ്തുത ആക്ഷേപങ്ങൾ പഞ്ചായത്ത് ഡയറക്ടർ പരിഗണിച്ചുകൊണ്ടിരിക്കുകയാണ്.

(ഡി) പ്രൊപ്പോസൽ മേൽ കാണിച്ച കാരണത്താൽ പഞ്ചായത്ത് ഡയറക്ടർ ഇതുവരെ ഗവൺമെന്റിന് സമർപ്പിച്ചിട്ടില്ല.

(ഇ) ''സി''യിൽ പറഞ്ഞിരിക്കുന്ന കാരണംകൊണ്ട് വിശദീകരണം ആവശ്യപ്പെട്ടിട്ടില്ല.

(എഫ്) ഡിപ്പാർട്ട്മെന്റ് ജീവനക്കാർക്ക് ഗ്രൂപ്പിംഗ് നടത്താത്തതുമൂലം പ്രമോഷൻ നൽകാതിരിക്കുന്നില്ല. ഇപ്പോഴും പ്രമോഷൻ നടത്തുന്നുണ്ട്.

(ജി, എച്ച്) പഞ്ചായത്തുകളുടെ ഗ്രൂപ്പിംഗിന് ആധാരമായ വരുമാന പരിധി സംബന്ധിച്ച് ഉന്നയിച്ചിരുന്ന ആക്ഷേപത്തെക്കുറിച്ച് ഒരു തീരുമാനത്തിലെത്തിച്ചേർന്നാൽ ഗ്രൂപ്പിംഗ് നടത്തുന്നതാണ്.

വാഗമൺ കേന്ദ്രമാക്കി ഒരു പുതിയ പഞ്ചായത്ത്

812 [981] ശ്രീ. കെ. കെ. തോമസ്: താഴെക്കാണുന്ന ചോദ്യത്തിന് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പീരുമേട് താലൂക്കിൽ വാഗമൺ കേന്ദ്രമാക്കി ഒരു പുതിയ പഞ്ചായത്ത് രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

പുതിയ പഞ്ചായത്തുകളും തൽക്കാലം രൂപീകരിക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചിരിക്കുകയാണ്.

പഞ്ചായത്തുകളുടെ അതിർത്തി നിർണ്ണയം

813 [983] ശ്രീ. കെ. സി. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിസ്തൃതി, ജനസംഖ്യ എന്നിവയെ അടിസ്ഥാനമാക്കി പഞ്ചായത്തുകളുടെ അതിർത്തി പുനർനിർണ്ണയം നടത്തുവാനുള്ള ഏതെങ്കിലും പദ്ധതി ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(ബി) ഏതെല്ലാം പഞ്ചായത്തുകൾ പുനർ വിഭജനം നടത്താനാണ് ഉദ്ദേശിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly